No.CEE/71/3LLB-2020/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ത്രിവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020 ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെയും 7 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2020–21 വർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **14.08.2020** രാവിലെ **10.00** മണി വരെ അപേക്ഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

വെബ്സൈറ്റിലെ **'Three Year LL.B 2020 - Candidate Portal'**എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അവരവരുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Allotment Result'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ അലോട്ട്മെന്റ് കാണാവുന്നതാണ്. അതിനുശേഷം **'Payment of fee and Virtual Admission'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേർക്ക് **'Candidate Portal'** ൽ പറഞ്ഞിരിക്കുന്ന ഫീസ് ഓൺലൈനായി ഒടുക്കി വിദ്യാർത്ഥികൾക്ക് **'Virtual Admission'** എടുക്കാവുന്നതാണ്. അത്തരത്തിൽ ഓൺലൈനായി ഫീസ് ഒടുക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു **Virtual Admission Slip** ലഭിക്കുന്നതാണ്. **Virtual Admission Slip** ലഭിക്കുന്നതിലൂടെ വിദ്യാർത്ഥിക്ക് **'Virtual Admission'** പ്രക്രിയ പൂർത്തിയായതായി ഉറപ്പാക്കാൻ കഴിയും. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം (OEC) വിദ്യാർത്ഥികൾ ടോക്കൺ ഫീ ആയി **500/–** രൂപ ഒടുക്കി **Virtual Admission'** നിലൂടെ അവരവരുടെ സീറ്റ് ഉറപ്പാക്കേണ്ടതാണ്. ഈ വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികൾ അവരുടെ സംവരണാനുകൂല്യത്തിനുള്ള അവകാശവാദം തെളിയിക്കാത്ത പക്ഷം ജനറൽ കാറ്റഗറിക്ക് ബാധകമായ ഫീസ് ഒടുക്കേണ്ടതായിരിക്കും. **26.08.2020,** വൈകിട്ട് **4.00** മണിക്കു മുമ്പായി **'Virtual Admission'** നേടാത്ത വിദ്യാർത്ഥികളുടെ നിലവിലെ അലോട്ട്മെന്റും എല്ലാ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്. ട്യൂഷൻ ഫീസ് ഇനത്തിൽ ഒടുക്കേണ്ടുന്ന ബാക്കി തുക രണ്ടാം ഘട്ട അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ വിദ്യാർത്ഥി നേരിട്ട് ഒടുക്കേണ്ടതാണ്.

ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **'Virtual Admission'** നിലൂടെ അവരവരുടെ സീറ്റുകൾ ഉറപ്പാക്കേണ്ടതാണ്. ഈ ഘട്ടത്തിൽ വിദ്യാർത്ഥികൾ അവർക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നേരിട്ട് ഹാജരാകേണ്ടതില്ല. രണ്ടാംഘട്ട അലോട്ട്മെന്റിൽ വിദ്യാർത്ഥികൾ അവരവർക്ക് ലഭിച്ചിട്ടുള്ള കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടികളുടെ സമയക്രമം പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്.

**കുറിപ്പ്:** 1. ഗവൺമെന്റ് ലോ കോളേജുകളിൽ അധിക സീറ്റുകൾ അനുവദിച്ച്കൊണ്ട് സർക്കാർ ഉത്തരവ് ലഭിക്കുന്ന പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ആ സീറ്റുകൾ ഉൾപ്പെടുത്തുന്നതായിരിക്കും.

2. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കുള്ള (EWS) സീറ്റുകളിലേയ്ക്കും, സ്പോർട്സ് ക്വാട്ടാ സീറ്റുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
20.08.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**